CHURCH WEEKLY
August 2023





An Ecumenical Publication from
THE ALWAYE FELLOWSHIP HOUSE

Church Weekly



Vol. 77
Issue 8
August 2023



Sri K.C. Chacko
Founder of the Church Weekly
(1946)

An Ecumenical Publication from
THE ALWAYE FELLOWSHIP HOUSE

77th Year of Publication
FOUNDER CHIEF EDITOR : Sri. N.M. ABRAHAM
First Published : December 1946

CHURCH WEEKLY
C/o The Alwaye Fellowship House
Union Christian College P.O.
Alwaye - 683 102,
Kerala, South India.
Ph : 0484-2605630, 2606986

E-mail : churchweeklyafh@gmail.com
fellowshiphse@gmail.com
Chief Editor : mgk.afh@gmail.com
Website
www.alwayefellowshiphouse.com

SUBSCRIPTION RATES

	Inside India	
Single Issue	₹	15.00
Annual	₹	150.00
10 years	₹	1,500.00
Life (Patron)	₹	10,000.00
	Outside India	
Annual	USD 10	
10 years	USD 100	
Life (Patron)	USD 1,000	

Bank of India - UC College Branch
A/c No. : 856610100002771
AFH - Church Weekly
IFS Code : BKID 0008566

- *Articles, Advertisements and Letters may be sent to the Chief Editor. Photos and matrimonial requests are also welcome. (Full page Rs.1000, Half page Rs.500)*
- *All correspondence regarding subscription enquiries may be sent to the Circulation Manager.*


Read... Subscribe... Recommend...

Church Weekly 2 2023 August



മഹദ്വചനം

The first Cabinet of Independent India



'We cannot encourage communalism or narrow-mindedness, for no nation can be great whose people are narrow in thought or in action.' - Pandit Jawaharlal Nehru

ഈ ലക്കത്തിൽ



THE ALWAYE FELLOWSHIP HOUSE

CHACKO HOMES & THE CHURCH WEEKLY
CHACKO GARDENS
U.C. COLLEGE P.O., ALUVA - 683 102, KERALA

പ്രിയ സുഹൃത്തേ,

ആലുവ ഫെലോഷിപ്പ് ഹൗസ് രൂപപ്പെടുന്നതിനു മുമ്പ് അതിന് അടിത്തറ പാകിയ സുഹൃത്‌വലയം അറിയപ്പെട്ടിരുന്നത് "FRIENDS OF THE FELLOWSHIP" എന്നാണ്. തലമുറകൾ കൈമാറി 77 വർഷം കഴിഞ്ഞിരിക്കുന്നു. ഫെലോഷിപ്പ് ഹൗസിലെ പ്രവർത്തനങ്ങൾ കൂടുതൽ പേരിലേക്കു വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി ആ സുഹൃത്‌വലയം വീണ്ടും ശക്തിപ്പെടുത്താനാഗ്രഹിക്കുന്നു. അതിൽ ഫെലോഷിപ്പ് ഹൗസിന്റെ ഒരു സുഹൃത്തായിരിക്കുവാൻ നിങ്ങളോരോരുത്തരെയും ക്ഷണിക്കുകയാണ്.

ഇതിലേക്കായി ഭാരതത്തിന്റെ സ്വാതന്ത്ര്യദിനത്തിൽ നാം ഒത്തുചേരുകയാണ്. 2023 ഓഗസ്റ്റ് 15 ചൊവ്വാഴ്ച വൈകുന്നേരം 5 മണിക്ക് ഫെലോഷിപ്പ് ഹൗസിലെ എം. തൊമ്മൻ ഹാളിൽ വച്ചാണ് പ്രാരംഭ യോഗം. ഇതിൽ പ്രശസ്ത സിനിമാതാരം ശ്രീ. ധീരജ് ഡെന്നി, സംഗീത സംവിധായകൻ ശ്രീ. ഭാഷ് ചേർത്തല, സംഗീതജ്ഞൻ ശ്രീ. മാർഷൽ ഡിസിൽവ എന്നിവർ വിശിഷ്ടാതിഥികളായിരിക്കും. യോഗത്തിലേക്ക് താങ്കളെ സാദരം ക്ഷണിക്കുന്നു.

എന്ന്,

കുരുവിള എം. ജോർജ്ജ് (സെക്രട്ടറി)	സന്തോഷ് ഉമ്മൻ (ട്രഷറർ)	കെ. ഒ. ഏലിയാസ് (കൺവീനർ)

Programme

Welcome : **Mr. Santhosh Oommen**

Presidential Address : **Mr. Kuruvilla M. George**

Inauguration : **Mr. Dheeraj Denny** (Film Actor)

Presentation of Mementoes to : **Mr. Dheeraj Denny**

Mr. Bhash Cherthala
(Singer and Music Director)

Mr. Marshal D'silva
(Music Conductor)

Music Performance

Vote of Thanks : **Mr. K.O. Elias**


Dheeraj Denny


Bhash Cherthala


Marshal D'silva

• മുഖമൊഴി •



സ്വാതന്ത്ര്യം - വീണ്ടുമൊരു സ്വപ്നം!!

വിദേശാധിപത്യത്തിൽനിന്നു ഭാരതം സ്വാതന്ത്ര്യം പ്രാപിച്ചിട്ട് 76 വർഷം പൂർത്തിയാവുകയാണ്. അതിൽ ഭാരതീയരായ നാമെല്ലാം അഭിമാനം കൊള്ളുന്നു. ജീവിതത്തിന്റെ എല്ലാ മേഖലകളിലും നാം വളരെയധികം വളർന്നിരിക്കുന്നു. ഒരുകാലത്ത് നമ്മെ അടക്കി ഭരിച്ചിരുന്നവരോടൊപ്പം തല ഉയർത്തിനിൽക്കാവുന്ന നിലയിലേക്ക് നാം എത്തിയിരിക്കുന്നു. ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യരാഷ്ട്രം എന്ന സ്ഥാനവും നമുക്കുണ്ട്. പക്ഷേ നമ്മുടെ സ്വാതന്ത്ര്യം ഒരു ദുഃസ്വപ്നമായി മാറിക്കൊണ്ടിരിക്കുകയാണോ എന്ന് അനേകർക്ക് ആശങ്കയുണ്ട്.

നൂറ്റാണ്ടുകൾ നീണ്ടുനിന്ന വിദേശാധിപത്യത്തിനെതിരെ ആദർശധീരരായ ദേശസ്നേഹികൾ തലമുറ തലമുറകളായി പടപൊരുതി ജീവൻ ബലിയർപ്പിച്ച് നേടിത്തന്ന സ്വാതന്ത്ര്യത്തിന്റെ വിലയറിയാത്ത ഒരു തലമുറ പല സ്ഥലത്തും അധികാരത്തിൽ വന്നിരിക്കുന്നു. അവർ മറ്റുള്ളവരുടെ സ്വാതന്ത്ര്യം പരിമിതപ്പെടുത്തുകയും തങ്ങളുടെ സ്വാതന്ത്ര്യം സ്വാർത്ഥപൂരണത്തിനായി ദുർവിനിയോഗം ചെയ്യുകയും ചെയ്യുന്നതിൽ വ്യാപൃതരായിരിക്കുന്നു. ഭാരത ഭരണഘടന വാഗ്ദാനം ചെയ്യുന്ന സ്വാതന്ത്ര്യങ്ങളോരോന്നായി കവർന്നെടുക്കുന്നതിൽ കേന്ദ്രസർക്കാരും സംസ്ഥാനസർക്കാരുകളും മത്സരിക്കുമ്പോൾ ജീവിക്കുവാനുള്ള സ്വാതന്ത്ര്യം കച്ചവടക്കാരും ബാങ്കുകളും ചേർന്ന് നിയന്ത്രിക്കുന്നു. സാധാരണ ജനം ഇന്നും ഇതു തിരിച്ചറിയുന്നില്ല എന്നതാണ് ദുഃഖസത്യം! സ്വാതന്ത്ര്യത്തിന്റെ പേരിൽ ഇന്നു ബാക്കി നിൽക്കുന്നത് ഭരിക്കപ്പെടുന്നവരുടെ ഉള്ളിലെ ദേശസ്നേഹവും ഭരിക്കുന്നവരുടെ പൊള്ളയായ പ്രസംഗങ്ങളും മാത്രം!!

സ്വാതന്ത്ര്യത്തിന്റെ 'മാക്രോ' ദുരുപയോഗം 1947-ൽ തന്നെ നടന്നു, അതായത്, ഇന്ത്യാ-പാക് വിഭജനം. തൽഫലമായി പാക്കിസ്ഥാൻ ജനാധിപത്യത്തിന്റെ മേമ്പൊടിയുള്ള പട്ടാളഭരണത്തിലേക്കും ഇന്ത്യ ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യരാഷ്ട്രം എന്ന നിലയിലേക്കും മാറി. എന്നാൽ കാലക്രമേണ, രാഷ്ട്രീയക്കാരും ഉദ്യോഗസ്ഥപ്രമുഖരും വൻ വ്യവസായികളുമടങ്ങുന്ന ഒരു ചെറിയകൂട്ടം ആളുകളുടെ സ്വേച്ഛാധിപത്യമായി ഈ ജനാധിപത്യം രൂപപ്പെട്ടു. കൂട്ടുത്തരവാദിത്തമുള്ള ഭരണകൂടങ്ങളിൽത്തന്നെ രണ്ടോ മൂന്നോ വ്യക്തികളിലേക്ക് അധികാരം കേന്ദ്രീകൃതമായിരിക്കുന്നു. സംസ്ഥാനങ്ങളുടെ ഭരണത്തിന് കേന്ദ്രത്തിന്റെ മേൽനോട്ടക്കാരായി യോഗ്യരായ ആളുകളെ ഗവർണർമാരായി നിയമിക്കുന്നതിന് വ്യവസ്ഥയുണ്ടെങ്കിലും ക്രമേണ രാഷ്ട്രീയ വൃദ്ധരുടെ പുനരധിവാസത്തിനും സംസ്ഥാനഭരണം അട്ടിമറിക്കുന്നതിനും ആ സ്ഥാനം ദുർവിനിയോഗിക്കപ്പെടുന്നു.

'പോലീസ്' ഒരു സംസ്ഥാനവിഷയമായിരിക്കുമ്പോൾത്തന്നെ കേന്ദ്രത്തിന്റെ നീരാളിക്കൈകളായി സി.ബി.ഐ, ഇ.ഡി, എൻ.ഐ.എ എന്നിവ മാറുന്നത് അവയുടെ വിശ്വാസ്യതയെ കാര്യമായി ബാധിച്ചിട്ടുണ്ട്. പ്രത്യേക കുറ്റാന്വേഷണമാണ് ഇവരുടെ ജോലിയെന്ന് ശുദ്ധമനസ്കർ ഇന്നും കരുതുന്നുവെങ്കിലും പ്രായോഗികമായി രാഷ്ട്രീയവൈരികളെ ഒതുക്കുവാനും കാലുമാറ്റക്കാരെ കൂടെക്കൂട്ടുവാനും ഈ വകുപ്പുകൾ ഉപയോഗിക്കപ്പെടുന്നു എന്ന് കാലം തെളിയിക്കുന്നു. കടുത്ത പാർട്ടി അനുഭാവികൾ ഈദൃശ സത്യങ്ങൾക്കുനേരേ നിസ്സംഗം കണ്ണടയ്ക്കുമെങ്കിലും ഭൂരിഭാഗം വരുന്ന വോട്ടർമാർ തങ്ങളുടെ പ്രതികരണശേഷി പുറത്തെടുക്കാനാവാതെ നിസ്സഹായതയിൽ ജീവിക്കുന്നു. അഥവാ, ആരെങ്കിലും ശബ്ദിച്ചാൽ ജീവൻവരെ നഷ്ടപ്പെട്ടേക്കാം എന്നവർ തിരിച്ചറിയുന്നു.

അച്യുതമേനോൻ, ഉമ്മൻ ചാണ്ടി എന്നിവരുടെ വിയോഗത്തോടെ വ്യക്തിശുദ്ധിയുള്ള നേതാക്കന്മാരുടെ കുലം അന്യം നിന്നിരിക്കുന്നു. ആർക്കു വോട്ടു ചെയ്താലും ഫലം ഒന്നു തന്നെ. 'വികസനം' ഭരിക്കുന്നവർക്കും കൂടെനിൽക്കുന്ന ചില വ്യവസായികൾക്കുമാണ്. ഭരണം എങ്ങനെ വേണമെന്ന് വ്യവസായികൾ തീരുമാനിക്കുന്നു. ഒരു കുഴപ്പവുമില്ലാത്ത കാറുകൾ പതിനഞ്ചു വർഷത്തിൽ പപ്പടമാക്കി ചൈനീസ് ഇലക്ട്രിക് കാറുകൾ വാങ്ങിയിരിക്കണമെന്നുള്ള കൽപ്പന വരുമ്പോൾ കേൾക്കുന്നവൻ ചിന്തിച്ചുകൊള്ളട്ടെ. ഉറങ്ങുന്നവർ ഉണരുവാനും ശബ്ദം നഷ്ടപ്പെട്ടവർ ശബ്ദം ഉയർത്തുവാനും സമയമായിരിക്കുന്നു. അതിന് ഒരു പുതിയ തലമുറ ഉയർന്നുവരട്ടെ; സ്വാതന്ത്ര്യത്തിന്റെ നൂറാം വർഷം ആഘോഷിക്കുവാൻ ജനാധിപത്യം നിലനിൽക്കട്ടെ.

അതിവേഗം... ബഹുദൂരം...



"അതിവേഗം... ബഹുദൂരം..." - നമുക്കു സുപരിചിതമായ ഈ വാക്കുകൾ ദിവംഗതനായ ഉമ്മൻ ചാണ്ടിയെ അനുസ്മരിപ്പിക്കുന്നു. ഇത് കേവലം ഒരു മുദ്രാവാക്യമല്ല, അദ്ദേഹത്തിന്റെ ജീവിതസന്ദേശം തന്നെ ആയിരുന്നു. 53 വർഷം നീണ്ടുനിന്ന രാഷ്ട്രീയജീവിതത്തിൽ തുടർച്ചയായി 12 തവണ ഒരേ മണ്ഡലത്തിൽ (പുതുപ്പള്ളി) നിന്നുള്ള അജയ്യനായ ജനപ്രതിനിധി, കേരളത്തിന്റെ മുൻ മുഖ്യമന്ത്രി, കോൺഗ്രസ് പാർട്ടിയിലെ ശക്തനായ നേതാവ്, അടിയുറച്ച ദൈവവിശ്വാസി, അടിസ്ഥാന രഹിതമായ ആരോപണങ്ങൾ ശരശയ്യ ഒരുക്കിയപ്പോഴും അക്ഷോഭ്യനായി നിലകൊണ്ട ആദർശധീരൻ, ആദർശ രാഷ്ട്രീയത്തിൽ അദ്ദേഹത്തിനു തുല്യനായി അദ്ദേഹം മാത്രം!!

"അധികാരത്തെ ജനസേവനമാക്കിയ ജനനേതാവ്" - മഞ്ജു വാര്യരുടെ വാക്കുകൾ. അധികാര രാഷ്ട്രീയത്തിൽ വേറിട്ട വ്യക്തിയായിരുന്നു ഉമ്മൻ ചാണ്ടി. ഒരു പഞ്ചായത്ത് പ്രസിഡണ്ട് പോലും പത്തിവിടർത്തിയാടുന്ന നാട്ടിൽ പോലീസ് സുരക്ഷയും വാഹനവ്യൂഹവുമില്ലാതെ ജനമദ്ധ്യത്തിൽ ഇറങ്ങിനടക്കുവാൻ ധൈര്യവും താൽപര്യവും കാട്ടിയ ജനനായകൻ; മരണത്തിലും അദ്ദേഹം ആ രീതി തുടർന്നു. അദ്ദേഹം ചെയ്തിട്ടുള്ള നന്മപ്രവൃത്തികൾ മുഴുവനായി ഇന്നും ലോകം അറിഞ്ഞിട്ടില്ല; അനുഭവസ്ഥർ സാക്ഷ്യം പറയുന്നു; നാം അതിശയത്തോടെ മനസ്സിലാക്കുന്നു.

മനുഷ്യത്വത്തിന്റെ ഉന്നതങ്ങളിൽ വിരാജിച്ച ഉമ്മൻ ചാണ്ടിയെ, വിലകുറഞ്ഞ രാഷ്ട്രീയ നേട്ടങ്ങൾക്കും അധികാരത്തിന്റെ അപ്പക്കഷണങ്ങൾക്കുംവേണ്ടി സ്വന്തം പാർട്ടിയിലും മുന്നണിയിലും ഉള്ളവർ വലിച്ചിടുവാൻ പരിശ്രമിച്ചപ്പോഴും പ്രതിപക്ഷത്തുള്ളവർ വ്യാജആരോപണങ്ങളും പരസ്യപ്രതിഷേധങ്ങളുമായി നിർലജ്ജം നിലകൊണ്ടപ്പോഴും ഒരു ചീത്തവാക്കുപോലും പറയാതെ സത്യമേവ ജയതേ എന്ന മന്ത്രം ഉരുവിട്ട് സംയമനം പാലിച്ച അദ്ദേഹത്തെ വിടപറയുംമുൻപേ നീതിദേവി വിമുക്തനാക്കിയത് അദ്ദേഹത്തിന്റെ ജീവിതസാക്ഷ്യം! (പിതാവേ, ഇവർ ചെയ്യുന്നത് എന്തെന്നറിയായ്കയാൽ...)

ജാതിമതഭേദമെന്യേ, കക്ഷിരാഷ്ട്രീയങ്ങൾക്കതീതമായി, കേരളമക്കൾ ഉമ്മൻ ചാണ്ടിയ്ക്കു നൽകിയ വിടവാങ്ങൽ ഇതിനു മുൻപോ ഇതിനുശേഷമോ ഇവിടത്തെ ഒരു രാഷ്ട്രീയനേതാവിനും കിട്ടാനിടയില്ല എന്നതിനു കാലം സാക്ഷി! "24 മണിക്കൂറും, ഉറങ്ങാതെ ജനങ്ങൾക്കുവേണ്ടി ജീവിച്ച എന്റെ പിതാവിന് 28 മണിക്കൂർ കാത്തുനിന്ന് യാത്രാമൊഴി നൽകിയ ജനങ്ങൾക്കു നന്ദി..." - ചാണ്ടി ഉമ്മന്റെ നന്ദിപ്രകാശനത്തിൽനിന്ന്. ശരിയാണ്, പണത്തിനും അധികാരത്തിനും നേടാൻ കഴിയാത്ത ആദരം ഏറ്റുവാങ്ങി അദ്ദേഹം വിശ്രമിക്കുന്നു, താനിഷ്ടപ്പെട്ട ദേവാലയാങ്കണത്തിൽ... തന്റെ സ്വന്തം നാട്ടിൽ...

പുതുപ്പള്ളിപ്പള്ളിയുടെ തിരുമുറ്റത്ത്, വൈദികർ അന്ത്യവിശ്രമം കൊള്ളുന്ന നിരയിലുള്ള ഉമ്മൻ ചാണ്ടിയുടെ കബറിങ്കലേക്ക് നേരം പുലരുംമുമ്പേ വന്നു തുടങ്ങുന്ന ആയിരങ്ങൾ ആ ധന്യജീവിതത്തിനു സാക്ഷ്യം പറയുന്നു. അവർ ഒരു വിശുദ്ധന്റെ കബറിങ്കലേക്ക് എന്നപോലെ പൂക്കളും മെഴുകുതിരികളുമായി കടന്നുവരുന്നു. ആ മെഴുകുതിരികൾ ഒന്നൊന്നായി കത്തിത്തീരുമ്പോൾ സത്യത്തെ ക്രൂശിച്ചവരുടെ ഹീനപ്രവൃത്തികളും കത്തി ചാരമാകട്ടെ. വി. ബൈബിളിലുള്ള സങ്കീർത്തനം 15 ഓർമ്മ വരുന്നു... നമ്മുടെ കാലഘട്ടത്തിൽ ജീവിച്ചിരുന്ന ആ നല്ല മനുഷ്യന് ആലുവ ഫെലോഷിപ്പ് ഹൗസിന്റെ ആദരാഞ്ജലികൾ... ◎

Jai Hind

Dr. Twincy Varghese





Seven Decades as an Independent Nation

India's independence in 1947 marked a historic milestone in its struggle for freedom from British colonial rule. Birth of the largest democracy in the world with all its diversities very well redefined the terminology itself. Celebrating its heterogeneity in all its different colours and shades India created a space of its own among world countries. This was never a walk on a bed of roses, but a journey characterized by various challenges, accomplishments and transformations. Let's explore the key aspects of India's independence and subsequent developments.

After gaining independence, India faced significant challenges in nation-building and governance. Partition of the country into India and Pakistan resulted in one of the largest human migrations in history, leading to communal tensions and violence. Reorganization of states on linguistic basis also posed serious questions before our forefathers, who tackled the issues diplomatically. India adopted a federal democratic system of governance, with a written constitution that came into effect on January 26, 1950. The country chose a Parliamentary system, with universal adult suffrage, creating the world's largest democracy.

The early years of independent India were shaped by Jawaharlal Nehru, the country's first Prime Minister. Nehru's vision focused on economic development, industrialization and the promotion of secularism and social justice. His policies emphasized state-led development through Five-Year Plans. Several measures were taken to tackle the major questions of poverty, unemployment, illiteracy and socio-economic disparities. Impact of these Nehruvian reforms and policies became more visible in the following years. White Revolution, Green Revolution and several other measures took India to new heights of economic growth and stability.

In the 1990s, India embarked on significant economic reforms, liberalizing its economy and opening up to foreign investments. These reforms aimed to boost economic growth, modernize industries, and integrate India into the global economy. Globalisation widened the horizons of our economy opening new markets and opportunities. Expansion of trade, industry and commerce took Indian economy to new heights of growth and glory imbibing the needs and demands of a changing era.

India witnessed significant advancements in science and technology, particularly in information technology and space travel. The country emerged as a global IT hub attracting huge international investments and ensuring the presence of several MNCs. Organizations like Council of Scientific and Industrial Research (CSIR), Indian Space Research Organisation

(ISRO), Indian Council of Agricultural Research (ICAR) etc. achieved remarkable milestones, including successful space missions. A nation declaring its dreams of peaceful co-existence, India, even when being a nuclear power, has never supported a war. All her space and other scientific research aims to build a better world.

India has made progress in various social sectors, including healthcare, education, and women empowerment. Initiatives like the National Rural Health Mission, Sarva Shiksha Abhiyan, Beti Bachao, Beti Padhao etc., have contributed in improving the well-being of our citizens. Several Governmental as well as Non-Governmental Organisations work hand in hand to create an egalitarian society providing opportunities to all irrespective of caste and creed. India's rich cultural heritage and diverse traditions have played a crucial role in shaping its identity. The country celebrates its diversity in languages, religions, and customs, fostering a sense of unity in diversity.

As an independent nation, India is actively involved in regional and global affairs. It maintains strategic partnerships with various countries, participates in international consultations and addresses issues like climate change, terrorism and global development. India's opinions in all global affairs are closely watched by the international community respecting her position as a neutral nation in a biased world.

Despite significant achievements, India still faces several challenges, such as poverty, corruption, environmental degradation, and social inequality. The country continues to strive for inclusive development and seeks to address issues related to healthcare, education, and sustainable growth.

Political polarization, which India is witnessing right now, can hinder constructive dialogue and compromise between different political parties and ideologies. There are instances of communal and religious tensions, which can threaten social harmony and stability. Corruption remains a significant challenge in India's political system and can undermine public trust in the government. Irrespective of all efforts, the country still faces economic disparities, with a significant wealth gap between the rich and the poor. Equity still remains a dream.

Caste-based discrimination continues to be a problem in various parts of the country, affecting the social and economic mobility of marginalized communities. Curtailing of press freedom and media independence, with reports of censorship and attacks on journalists, poses a serious threat to fundamental rights and democracy. Environmental imbalance, growing terrorism, population growth, urbanization and digital divide are all issues which demand urgent attention for the betterment of our country as a growing global power.

India's journey from independence to the present day is a story of resilience, growth, and progress. The nation has surmounted numerous challenges while striving to achieve its development goals. As India continues to evolve, its people, leaders and institutions must remain committed to realizing the vision of a prosperous, inclusive and democratic nation. Let us hope that the current challenges will also be addressed with utmost care and diplomacy as in yester years, to create a better nation. The legacy of India's independence and the dreams of its founding fathers continue to inspire future generations to build a better tomorrow. ◎

The author is Assistant Professor of History, Union Christian College, Aluva.

മാതൃസവിധേ

ഡോ. മിനി ആലീസ്





മന്നപോലെ മറിയം

ഉപാധികളില്ലാത്ത മനുഷ്യബന്ധങ്ങളെക്കുറിച്ചുള്ള ചിന്തകൾ ജീവിതത്തെ അർത്ഥഭരിതമാക്കുന്നതിൽ വലിയ പങ്കു വഹിക്കുന്നു. അത്തരം അനുഭവങ്ങൾ മനുഷ്യജീവിതത്തിൽ അവിചാരിതമായി മാത്രം സംഭവിക്കുന്നതാണ്. കൊടുക്കൽവാങ്ങലുകളിലെ സമത്വത്തിനും ത്യാഗത്തിന്റെ ആദർശവൽക്കരണത്തിനും അപ്പുറത്താണ് ഉപാധികളില്ലാത്ത നന്മയുടെയും ഇടപെടലുകളുടെയും സ്ഥാനം. നാളെയെയോ ഇന്നലെയെയോ കുറിച്ച് കണക്കുകൂട്ടലുകൾ രൂപപ്പെടുത്താത്ത മനുഷ്യജീവിതസങ്കല്പനമാണിതിൽ പ്രത്യക്ഷമാകുന്നത്. ആകാശപ്പറവകളുടെയും വയൽപ്പൂവിന്റെയും ഉപമകളിലൂടെ യേശുക്രിസ്തു നമ്മെ പഠിപ്പിച്ച ജീവിതസാരവും ഇതുതന്നെയായിരുന്നു.

'അന്ന'ത്തെക്കുറിച്ച് വേദപുസ്തകം നമുക്കു നൽകിയ മനോഹര സങ്കല്പനവും വാഗ്ദാനവുമാണ് മന്ന. രണ്ടു വ്യഞ്ജനാക്ഷരങ്ങളിലൊതുങ്ങിക്കൊണ്ട് ഇത്രയും ആഴമുള്ള ഒരു ജീവിതവീക്ഷണം അവതരിപ്പിക്കുന്ന ഒരു വസ്തു വേദപുസ്തകത്തിൽ വിരളമായേയുള്ളു. മിസ്രയീമിൽനിന്ന് കനാൻ ദേശത്തേക്കുള്ള യാത്രയിൽ സീൻ മരുഭൂമിയിൽ വച്ച് യിസ്രായേൽ ജനതയ്ക്ക് ലഭിച്ച ദൈവികപരിപാലനത്തിന്റെ അടയാളമാണ് മന്ന. "കൊത്തമ്പാലരിപോലെയും വെള്ള നിറമുള്ളതും തേൻകൂട്ടിയ ദോശയോടൊത്ത് രുചിയുള്ളതും ആയിരുന്നു" (പുറപ്പാട് 16:31). ടമാറിസ്ക് എന്ന മരത്തിൽ നിന്നു ലഭിച്ചിരുന്ന വസ്തുവിനെ മന്നാ എന്നു കരുതപ്പെടുന്നതായുള്ള ഗവേഷകരുടെ നിഗമനത്തെ ഡി. ബാബു പോൾ വേദശബ്ദരത്നാകരത്തിൽ വിശദമാക്കുന്നുണ്ട്. ചില ഇനം പുഴുവും ചീവീടുകളും ഈ മരത്തിന്റെ തണ്ട് തുളയ്ക്കുമ്പോൾ അന്നജം ഏറെയുള്ള ഒരു ദ്രാവകം ലഭിക്കുമെന്നും അധികം വരുന്ന അന്നജം തേൻ തുള്ളികളായി പുറത്തുവീഴുമെന്നും വ്യക്തമാക്കുന്നു. ഇതിലെ ജലാംശം ബാഷ്പമായി പോകുമ്പോൾ നിലത്തും മരങ്ങളിലും ചെതുമ്പൽ പോലെ അവശേഷിക്കുന്ന വസ്തുവാണ് മന്ന. ബൈബിളിൽ മന്ന കണ്ടതായി പറയുന്ന ഭൂഭാഗത്ത് ഇപ്പോഴും അതു ലഭിക്കുമെന്നും അദ്ദേഹം വ്യക്തമാക്കുന്നുണ്ട്. പുലരിയിൽ മഞ്ഞിൽ മറഞ്ഞുകിടന്ന മന്ന യഹോവയുടെ കരുതലിന്റെ അടയാളമായാണ് പ്രത്യക്ഷമാകുന്നത്. അപ്പമെന്ന നിലയിൽ അതു പരിപാലനത്തിന്റെയും ജീവന്റെയും മുദ്രയാണ്. ജീവിതത്തിന്റെ മരുഭൂ അനുഭവങ്ങളിൽ ദൈവം പകരുന്ന കരുതൽവർഷത്തിന്റെ പ്രതീകാത്മകപ്രതിനിധാനമാണ് മന്ന. ലക്ഷ്യദേശമായ കനാൻ നാടിന്റെ അതിരിൽ എത്തുവോളം മന്നയെന്ന ദൈവപരിപാലനത്തിന്റെ അടയാളം അവരുടെ അകങ്ങളെ നിറച്ചു.

മന്ന അന്നന്നത്തേയ്ക്കുള്ള ആഹാരത്തെയാണ് സൂചിപ്പിക്കുന്നത്. അത് ഇന്നലത്തേതല്ല, നാളത്തേയ്ക്കു സൂക്ഷിക്കുവാൻ സാധിക്കുന്നതുമല്ല. ഇന്നലെകൾ അവസാനിച്ചിരിക്കുന്നുവെന്നും നാളെകൾ ദൈവത്തിന്റെ വരദാനങ്ങളാണെന്നുമുള്ള ജീവിതതത്വമാണിവിടെ പ്രസ്ഫുരിക്കുന്നത്. നാളേയ്ക്കുള്ള ആർത്തി നിറഞ്ഞ സൂക്ഷിപ്പുകൾ പുഴു അരിച്ചും ദുർഗന്ധം വമിച്ചും നശിച്ചുപോകേണ്ടതാണെന്ന തിരിച്ചറിവിൽ അഴുകേണ്ട മനുഷ്യശരീരത്തെക്കുറിച്ചുള്ള ബോധ്യവുമുണ്ട്. മനുഷ്യജീവിതം ഇന്നുകളിൽ മഞ്ഞുപോലെ തെളിമയും ശുഭ്രതയും ഉള്ളതും തന്നോട് ചേരുന്നവരുടെ ഉൾത്തലങ്ങളെ നിറയ്ക്കുന്നതും ആകണം എന്നുള്ള പ്രതീക്ഷയും മന്നയിലുണ്ട്. ഇന്നത്തെ മന്നയുടെ അനുഭവം നാളെ സാധ്യമല്ലാതിരിക്കുമ്പോൾ തന്നെ ഇത്തരമൊരു വരദാനം ഇവിടെ ഉണ്ടായിരുന്നു എന്നതിന്റെ അടയാളമായി സൂക്ഷിച്ചുവച്ചവ ദൈവപരിപാലനത്തിന്റെ മുദ്രയായി കേടുകൂടാതെ വർത്തിക്കുകയും ചെയ്തു. മിസ്രയീം ദേശത്തു തങ്ങൾ സുഭിക്ഷമായി ഭക്ഷിച്ച ഇറച്ചിക്കലങ്ങളെ ഓർത്ത് യിസ്രായേൽ ജനത പരിതപിക്കുകയും പരാതിപ്പെടു

കയും ചെയ്യുന്നുണ്ട്. ഭൂതകാലാഭിരതികളിൽ മുഴുകി അസംതൃപ്തരായി ജീവിക്കുന്ന മനുഷ്യരെയാണവർ പ്രതിനിധാനം ചെയ്യുന്നത്. അവരുടെ അവിശ്വാസ ത്തിന്റെ അസംതൃപ്തികളിന്മേലാണ് ദൈവം മന്ന വർഷിക്കുന്നത്. ദൈവകൃപയുടെ വാഗ്ദത്തങ്ങൾ സാധാരണ ബുദ്ധിയുടെ അളവു കോലുകൾക്കകത്ത് ഒതുങ്ങുന്നതല്ലെന്ന തിരിച്ചറിവാണിത് നൽകുന്നത്.

മന്ന പോലെയുള്ള മനുഷ്യർ വേദപുസ്തക വഴി കളിൽ പ്രഭ പ്രസരിപ്പിച്ചുകൊണ്ട് നിലകൊള്ളുന്നുണ്ട്. അവരിൽ ഏറ്റവും തേജോഹാരിയായ രൂപം മറിയാ മിന്റേതാണ്. ലോകസമാധാനത്തിനായുള്ള ദൈവിക പദ്ധതിക്ക് വഴങ്ങിക്കൊടുത്ത ഉടലാണ് മറിയാമിന്റേത്. ദൈവ ഇഷ്ടത്തിനായി ശരീരത്തെ ഒരു ഉപകരണ മെന്നവണ്ണം വിട്ടുകൊടുത്തു. Make me an instrument of your peace എന്ന സെന്റ് ഫ്രാൻസിസിന്റെ പ്രാർത്ഥനയുടെ പൂർണ്ണ ആവിഷ്കരണമാണ് മറിയാ മിന്റെ ജീവിതത്തിൽ ദർശിക്കാനാവുന്നത്. യഹൂദ സമൂഹത്തിനുള്ളിൽ ഒരു സ്ത്രീ ഏറ്റവും നിന്ദ്യയായി കണക്കാക്കപ്പെടുന്നത് സദാചാരനിയമങ്ങൾ ലംഘി ക്കുമ്പോഴാണ്. സമൂഹത്തിനു മുമ്പിൽ അത്തരമൊരു നിന്ദ്യാവസ്ഥ ഉണ്ടാകുമെന്ന് തിരിച്ചറിഞ്ഞിട്ടും "ഇതാ ഞാൻ കർത്താവിന്റെ ദാസി, നിന്റെ വാക്കുപോലെ എനിക്ക് ഭവിക്കട്ടെ" (ലൂക്കോസ് 1:38) എന്നു പറഞ്ഞു കൊണ്ട് ദൈവനടത്തിപ്പിനെ മറിയം ജീവിതത്തിൽ സ്വീകരിക്കുന്നു. സ്ത്രീശരീരവുമായി ബന്ധപ്പെട്ടു നിലനിന്നിരുന്ന സദാചാരസങ്കല്പനങ്ങളുടെ വെളിച്ച ത്തിൽ യൗസേഫ് മറിയത്തിനെ നിരസിക്കുവാൻ തീരുമാനിക്കുമെന്നതിൽ സംശയമൊന്നുമുണ്ടായിരു ന്നില്ല. അത്തരമൊരു അപമാനിതാവസ്ഥയെ മുൻ കൂട്ടി തിരിച്ചറിഞ്ഞുകൊണ്ടാണ് ദൈവപുത്രന്റെ അമ്മയാകുവാനുള്ള വിളിയെ ഹൃദയത്തിലും ഉടലിലും ഏറ്റുവാങ്ങുന്നത്. "നിന്റെ സ്വന്തപ്രാണനിൽക്കൂടിയും ഒരു വാൾ കടക്കും" (ലൂക്കോസ് 2:35) എന്ന ശിമ്യോന്റെ വാക്കു കേട്ട് തന്നെ ഭരമേല്പിച്ച ദൈവികമായ ഉത്തരവാദിത്തത്തിന്റെ കഠിനത മറിയം പിൽക്കാ ലത്ത് മനസ്സിലാക്കുന്നുണ്ട്. തന്റെ ജീവിതത്തിന്റെ ഇന്നലെകളുമായി യാതൊരു ബന്ധവുമില്ലാത്ത ദൗത്യമാണ് മറിയം ഉടലിലും ഹൃദയത്തിലും ഏറ്റുവാ ങ്ങുന്നത്. നാളെകളിൽ ലോകസമാധാനത്തിനായി വിട്ടുകൊടുക്കേണ്ട നിധിയുടെ താൽക്കാലിക സൂക്ഷി പ്പുകാരിയാകുവാനാണ് മറിയം ശിരസ്സു കുനിക്കുന്നത്. "കുനിഞ്ഞിരിക്കുന്ന അവളുടെ ശിരസ്സ് ഒരു മാട പ്രാവിനു തുല്യം അവൾ ഭൂമിയുടെ സമാധാനം" (വി. എൻ. ഗീത, ഭൂമിയുടെ സമാധാനം) എന്ന കവിതാ വരികൾ ദൈവസ്നേഹത്തിനായി ഉപാധികളില്ലാതെ തല കുനിക്കുന്ന മറിയത്തെയാണ് ചിത്രണം ചെയ്യു ന്നത്. ഇന്നലെയും നാളെയും തനിക്കു സ്വന്തമല്ലാത്ത ഒരു സമ്പത്തിന്റെ സൂക്ഷിപ്പുകാരിയാവുന്ന ദൗത്യം ഏറ്റെടുത്ത മറിയം മന്ന പോലെയുള്ള ദൈവിക നിറവിന്റെ പുതിയനിയമഭാഷ്യമാണ്. "ഇടിമിന്നലു ള്ളിൽ നടുങ്ങുന്നവൾ മേരിയെ കൈക്കുപിടിച്ചു കൊണ്ടോടുന്നു ഭൂമിയിൽ" (എസ്. ജോസഫ്, തിരു ക്കുടുംബം) എന്നാണ് കവി യേശുവിന്റെ ജനനത്തി നായി സ്ഥലം അന്വേഷിച്ചലയുന്ന യൗസേഫിനെ വിശേഷിപ്പിക്കുന്നത്. യൗസേഫ് എന്ന അപ്പനും ഉപാധികളില്ലാത്ത സ്നേഹത്തിന്റെ പ്രതീകമാണ്. ജോസഫും മറിയവും മന്ന പോലെ നിറവുള്ളവരെ ക്കുറിച്ചുള്ള ആലോചനകളിൽ തെളിഞ്ഞുവരുന്ന തേജസ്വികളായ മനുഷ്യരാണ്.

മന്ന പോലെയുള്ള മനുഷ്യരാകുവാനുള്ള വിളി പുറപ്പാടിന്റെ കാലം മുതലുണ്ട്. ഇന്നലെയും നാളെ യും കണ്ടുമുട്ടില്ല എന്ന് നിശ്ചയമുണ്ടായിട്ടും ദൈവ ത്തിന്റെ കയ്യൊപ്പു പതിഞ്ഞ കരസ്പർശങ്ങൾ നമ്മു ടെ ജീവിതയാത്രയിൽ സമാധാനസാന്നിധ്യമാകാ റുണ്ട്. ജീവിതത്തിന്റെ സീൻ മരുഭൂയാത്രയിൽ അഗ്നി ത്തൂണായും മേഘസ്തംഭമായും എത്തുന്ന ദൈവിക നടത്തിപ്പുകൾ മന്ന പോലുള്ള മനഷ്യരുടെ സാന്നിധ്യ ത്തിലൂടെയാണ് സാധ്യമാകുന്നത്. ഏകാന്ത യാത്രകളിൽ, അപരിചിത നഗരങ്ങളിൽ, കാത്തിരിപ്പു കേന്ദ്രങ്ങളിൽ, ആശുപത്രിവരാന്തകളിൽ, രാത്രിയിൽ ഒറ്റപ്പെട്ടു പോകുന്ന സന്ദർഭങ്ങളിൽ, പ്രകൃതിക്ഷോഭങ്ങളിൽ, പകർച്ചവ്യാധി നാളുകളിൽ, അപ്രതീക്ഷിതമായ അപകടവേളകളിൽ കരുണയുടെ തിരിനാളങ്ങളായി ചില മനുഷ്യർ നമുക്കു മുമ്പിൽ പ്രത്യക്ഷപ്പെടും. അവർ മഞ്ഞുരുകും പോലെ അപ്രത്യക്ഷരാവുകയും ചെയ്യും. അതിനു മുമ്പോ അതിനുശേഷമോ ഒരിക്കലും നമ്മളവരെ കണ്ടുമുട്ടണമെന്നില്ല. പ്രതിഫലത്തെക്കുറിച്ചോ നന്ദി യെക്കുറിച്ചോ ഉള്ള സമവാക്യങ്ങളൊന്നും അപ്രതീ ക്ഷിതമായ അവരുടെ ഇടപെടലുകളിൽ ഉണ്ടായി രിക്കില്ല. എന്നാൽ മന്ന പോലെ ദൈവ നടത്തിപ്പിന്റെ ഉപകരണമാകുവാനുള്ള വിളി ആ സാന്നിധ്യങ്ങളി ലുണ്ട്. അതു സ്വീകരിക്കുവാൻ നമ്മുടെ ഉള്ളങ്ങൾ സന്നദ്ധമാകുമ്പോൾ 'മന്ന' എന്ന സങ്കല്പനം ഇന്നും പ്രസക്തമാകുന്നു. ◎

ശാസ്ത്രലോകം

ഫാ. ജോൺസൺ പുഞ്ചക്കോണം, *USA*



കാലാവസ്ഥാ വ്യതിയാനം: ക്രൈസ്തവ സഭകൾക്ക് എന്ത് ചെയ്യുവാൻ കഴിയും

ആധുനിക ജീവിതരീതികൾ മൂലം ഭൂമിയിലെ താപനിലയിലും കാലാവസ്ഥയിലും ഗുരുതരമായ മാറ്റങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു.

കാർബൺഡയോക്സൈഡ്, മീഥേൻ, നൈട്രസ് ഓക്സൈഡ് എന്നിവയുൾപ്പെടെയുള്ള ചില വാതകങ്ങൾ, സൂര്യനിൽ നിന്നുള്ള ചൂടിനെ ഭൂമിയുടെ അന്തരീക്ഷത്തിൽ കുടുക്കുന്നു. ഇത് സ്വാഭാവിക ഹരിതഗൃഹ പ്രഭാവം സൃഷ്ടിക്കുന്നു. ഭൂമിയിൽ ജീവൻ നിലനിർത്തുന്നതിന് ഈ പ്രഭാവം അത്യന്താപേക്ഷിതമാണ്. എന്നാൽ മനുഷ്യന്റെ പ്രവർത്തനങ്ങൾ ഈ വാതകങ്ങളുടെ സാന്ദ്രത ഗണ്യമായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഇത് കഠിനമായ ചൂടിലേക്ക് നയിക്കുന്നു.

വർദ്ധിച്ച ഹരിതഗൃഹ വാതക പ്രവാഹം ആഗോള താപനിലയിൽ വർദ്ധനവിന് കാരണമായി. ഇത് ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്നു. പ്രകൃതിയിലെ മഞ്ഞുമലകളും ഹിമാനികളും ഉരുകുന്നു. സമുദ്രനിരപ്പ് ഉയരുന്നു. തീവ്രമായ കാലാവസ്ഥാ വ്യതിയാനങ്ങൾ ഉണ്ടാകുന്നു.

ഇന്നുണ്ടായിരിക്കുന്ന കാലാവസ്ഥാ വ്യതിയാനത്തിന്റെ ഒരു പ്രധാന കാരണം മനുഷ്യന്റെ ജീവിത സാഹചര്യങ്ങളിൽ വന്ന മാറ്റമാണ്; പ്രത്യേകിച്ച് ഊർജ്ജോത്പാദനം. ഗതാഗതം, വ്യാവസായിക പ്രക്രിയകൾ എന്നിവയ്ക്കായി ഫോസിൽ ഇന്ധനങ്ങൾ (കൽക്കരി, എണ്ണ, പ്രകൃതിവാതകം) കത്തിക്കുന്നതും വനനശീകരണം, കൃഷിരീതികളിലുണ്ടായ മാറ്റം, മറ്റ് ഭൂവിനിയോഗ മാറ്റങ്ങൾ എന്നിവയും ഹരിതഗൃഹ വാതകങ്ങളുടെ പ്രവാഹത്തിന് കാരണമാകുന്നു.

കാലാവസ്ഥാ വ്യതിയാനം പരിസ്ഥിതി വ്യവസ്ഥകൾക്കും ജൈവവൈവിധ്യത്തിനും കാര്യമായ അപകട സാധ്യതകൾ സൃഷ്ടിച്ചിരിക്കുന്നു. വിവിധ ജീവജാലങ്ങളുടെ ആവാസ വ്യവസ്ഥകൾ, കുടിയേറ്റ രീതികൾ, പ്രത്യുത്പാദന ചക്രങ്ങൾ എന്നിവയെ ഇത് ബാധിച്ചിരിക്കുന്നു. ഇത് നമ്മുടെ പ്രകൃതിയിലെ ആവാസവ്യവസ്ഥയിലെ തടസ്സങ്ങൾക്കും ജീവജാലങ്ങളുടെ വംശനാശത്തിനും കാരണമാകുന്നു.

ഇന്നുണ്ടായിരിക്കുന്ന കാലാവസ്ഥാവ്യതിയാനത്തിന് വലിയ സാമൂഹിക സാമ്പത്തിക പ്രത്യാഘാതങ്ങളുണ്ട്. ഇത് ഭക്ഷ്യ ഉത്പാദനം, ജലലഭ്യത, പൊതുജനാരോഗ്യം എന്നിവയെ കാര്യമായി ബാധിക്കും. കാലാവസ്ഥാവ്യതിയാനത്തിന്റെ പ്രതികൂലസാഹചര്യങ്ങൾക്ക് ദുർബ്ബലമായ സമൂഹങ്ങൾ പലപ്പോഴും കൂടുതൽ വിധേയമാകുമെന്നതിനാൽ ഇത് സാമൂഹിക അസമത്വങ്ങളെ കൂടുതൽ വഷളാക്കും. കാലാവസ്ഥയെ പ്രതിരോധിക്കുന്ന അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുകയും ദുരന്തസാധ്യത കുറയ്ക്കുന്നതിനുള്ള നടപടികൾ നടപ്പിലാക്കുകയും ചെയ്യണം. കുറഞ്ഞ കാർബൺ സമ്പദ്‌വ്യവസ്ഥയിലേക്കുള്ള മാറ്റം, പ്രകൃതിവിഭവങ്ങൾ സംരക്ഷിക്കൽ, പുനരുപയോഗിക്കാവുന്ന ഊർജ്ജം പ്രോത്സാഹിപ്പിക്കൽ, സുസ്ഥിര കാർഷിക രീതികൾ സ്വീകരിക്കൽ, കാലാവസ്ഥാ പ്രവർത്തനത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് അവബോധം വളർത്തൽ എന്നിവയും ഇതിൽ ഉൾപ്പെടുന്നു.

കാലാവസ്ഥാ വ്യതിയാനം ലഘൂകരിക്കുന്നതിനും ഹരിതഗൃഹ വാതക ഉദ്‌വമനം കുറയ്ക്കുന്നതിനും വരുംതലമുറകൾക്ക് ആരോഗ്യ

കരവും സുസ്ഥിരവുമായ ഭാവി ഉറപ്പാക്കുന്നതിനും വ്യക്തികളും നമ്മുടെ ഇടവകകളും പ്രസ്ഥാനങ്ങളും ഒരുമിച്ച് പ്രവർത്തിക്കേണ്ടത് അനിവാര്യമാണ്. പരിസ്ഥിതി സംരക്ഷണം പ്രോത്സാഹിപ്പിക്കുന്നതിലൂടെയും അവബോധം വളർത്തുന്നതിലൂടെയും സ്വന്തം കാർബൺ കാൽപ്പാടുകൾ കുറയ്ക്കുന്നതിനുള്ള നടപടികളിലൂടെയും കാലാവസ്ഥാ വ്യതിയാനത്തെ അഭിസംബോധന ചെയ്യുന്നതിൽ ക്രൈസ്തവ സഭകൾക്ക് കാര്യമായ പങ്കു വഹിക്കാനാകും.

തത്സംബന്ധമായ നിയമനിർമ്മാണങ്ങളെയും സംരംഭങ്ങളെയും പിന്തുണയ്ക്കുകയും പുനരുപയോഗ ഊർജ്ജ നയങ്ങൾക്കായി വാദിക്കുകയും പരിസ്ഥിതി സംരക്ഷണത്തിന് മുൻഗണന നൽകാൻ നയരൂപകർത്താക്കളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യേണ്ടത് നമ്മുടെ ചുമതലയാണ്. വിദ്യാഭ്യാസ പരിപാടികൾ, സാമൂഹ്യ ശുചീകരണ പരിപാടികൾ, വൃക്ഷത്തൈ നടൽ, സുസ്ഥിര ജീവിത ശിൽപശാലകൾ, വർക്ക് ഷോപ്പുകൾ, സെമിനാറുകൾ, കോൺഫറൻസുകൾ എന്നിവ നമ്മുടെ ഇടവകകൾക്ക് സംഘടിപ്പിക്കാനാകും.

ലക്ഷ്യപ്രാപ്തിക്കായി ഭക്ഷ്യയോഗ്യവുമായ സസ്യങ്ങൾ നട്ടുപിടിപ്പിക്കുന്നതിൽ നാം അടിയന്തിരശ്രദ്ധ പുലർത്തേണ്ടിയിരിക്കുന്നു. ദൈവം നമുക്ക് നൽകിയ ഈ മനോഹരമായ ഭൂമിയുടെ കാര്യസ്ഥർ എന്ന നിലയിൽ ഭാവി തലമുറകൾക്കായി പരിസ്ഥിതിയെ സംരക്ഷിക്കേണ്ടത് നമ്മുടെ ഉത്തരവാദിത്തമാണ്. കാലാവസ്ഥാ വ്യതിയാനത്തെ ചെറുത്ത് സഭയ്ക്കും സമൂഹത്തിനും സുസ്ഥിരമായ നേട്ടങ്ങൾ പ്രദാനം ചെയ്യുന്ന ഒരു പുതിയ സംരംഭം അവതരിപ്പിക്കുന്നതിൽ സഭ എന്ന നിലയിൽ നാം അടിയന്തിരശ്രദ്ധ പതിപ്പിക്കേണ്ടിയിരിക്കുന്നു.

നമ്മുടെ ഇടവകകളുടെ വസ്തുവിൽ ഭക്ഷ്യയോഗ്യമായ നാടൻ ചെടികൾ നട്ടുപിടിപ്പിക്കുന്നതിലൂടെ ആരാധനാലയത്തിന് ചുറ്റും കൂടുതൽ ഊർജ്ജസ്വലവും സുസ്ഥിരവുമായ ആവാസവ്യവസ്ഥ സൃഷ്ടിക്കുന്നതോടൊപ്പം കാലാവസ്ഥയിൽ കാര്യമായ, ഗുണപരമായ സ്വാധീനം ചെലുത്താനാകും.

കാലാവസ്ഥാ വ്യതിയാനത്തിന്റെ പ്രത്യാഘാതങ്ങൾ കുറയ്ക്കുന്നതിൽ നാടൻ സസ്യങ്ങൾ ഒരു പ്രധാന പങ്ക് വഹിക്കുന്നു. അവ അന്തരീക്ഷത്തിൽനിന്ന് കാർബൺഡയോക്സൈഡ് ആഗിരണം ചെയ്യുന്നു. ഹരിതഗൃഹ വാതക ഉദ്‌വമനം ലഘൂകരിക്കാൻ സഹായിക്കുന്നു. നാടൻ ഇനങ്ങളെ നട്ടുപിടിപ്പിക്കുന്നതിലൂടെ നമ്മുടെ കാർബൺ കാൽപ്പാടുകൾ മൊത്തത്തിൽ കുറയ്ക്കുന്നതിന് സാധിക്കുന്നു. പ്രാദേശിക സസ്യങ്ങൾ, പക്ഷികൾ, തേനീച്ചകൾ, ചിത്രശലഭങ്ങൾ എന്നിവയുൾപ്പെടെ പ്രാദേശിക വന്യജീവികൾക്ക് അവശ്യ ആവാസവ്യവസ്ഥകളും ഭക്ഷണ സ്രോതസ്സുകളും നൽകുന്നു. ജൈവവൈവിധ്യം പരിപോഷിപ്പിക്കുന്നതിലൂടെ നമ്മുടെ ആവാസവ്യവസ്ഥയിലെ സ്വാഭാവിക സന്തുലിതാവസ്ഥ പുനഃസ്ഥാപിക്കാനും ആരോഗ്യകരമായ പരിസ്ഥിതി പ്രോത്സാഹിപ്പിക്കാനും കഴിയുന്നു.

ഭക്ഷ്യയോഗ്യമായ സസ്യങ്ങൾ നട്ട് സമൂഹത്തിന് പുത്തൻ ജൈവ ഉൽപന്നങ്ങൾ വളർത്താനും വിളവെടുക്കാനുമുള്ള അവസരം ഉണ്ടാകും. ഭക്ഷ്യയോഗ്യമായ തോട്ടങ്ങൾ നട്ടു വളർത്തുന്നതിലൂടെ ഭക്ഷ്യസുരക്ഷ മെച്ചപ്പെടുത്താനും ആരോഗ്യകരമായ ഭക്ഷണശീലങ്ങൾ പ്രോത്സാഹിപ്പിക്കാനും കഴിയും.

ഇക്കാര്യത്തിൽ സഭാസമൂഹമെന്ന നിലയിൽ നമുക്ക് ഒന്നിച്ച് അർത്ഥവത്തായ നടപടികൾ സ്വീകരിക്കാം. ഭക്ഷ്യയോഗ്യമായ നാടൻ സസ്യങ്ങൾ നട്ടുപിടിപ്പിക്കുന്നതിലൂടെ പരിസ്ഥിതിയിൽ ശാശ്വതമായ സ്വാധീനം ചെലുത്താനും മറ്റുള്ളവരെ അങ്ങനെ ചെയ്യാൻ പ്രേരിപ്പിക്കാനും കഴിയും. ഇക്കാര്യത്തിൽ സജീവമായി പങ്കെടുക്കാൻ ഇടവകകൾ ജനങ്ങളെ പ്രോത്സാഹിപ്പിക്കണം.

ഈ മഹത്തായ ലക്ഷ്യത്തിൽ നമുക്ക് ഒരുമിച്ച് പരിസ്ഥിതിയിൽ നല്ല മാറ്റമുണ്ടാക്കാൻ ശ്രമിക്കാം. ◎

ലേഖകൻ അമേരിക്കയിൽ വിവിധ സാമൂഹ്യ മാധ്യമ കൂട്ടായ്മകളുടെ മുഖ്യ സാരഥിയാണ്.

സഭാശിൽപ്പികൾ

ഫാ. ജോണി ജോർജ്
കോർ എപ്പിസ്കോപ്പാ





പൗലൊസ് അപ്പൊസ്തലൻ: ജീവിത പശ്ചാത്തലം

ക്രിസ്തീയ സഭയുടെ ആരംഭം മുതൽ ഇന്നുവരെയുള്ള ഒരു ഹ്രസ്വചരിത്രം ഏതാനും വർഷങ്ങൾക്കു മുമ്പ് ചർച്ച് വീക്കിലിയിൽ പ്രസിദ്ധീകരിച്ചിരുന്നു. ആ പംക്തി അവസാനിച്ചപ്പോൾ ഉല്പത്തിപ്പുസ്തകത്തെ ആധാരമാക്കിയുള്ള 30 ബൈബിൾ പഠനങ്ങളും എബ്രായരുടെ പൂർവ്വാശ്രമം, വളർച്ച, വ്യാപനം, യിസ്രായേൽ എന്ന രാഷ്ട്രത്തിന്റെ രൂപീകരണം, മത / സാമൂഹ്യ ജീവിതം എന്നിവയെ സംബന്ധിച്ചുള്ള ഒരു പരമ്പരയും പ്രസിദ്ധീകരിച്ചു. അത് കഴിഞ്ഞ ലക്കത്തോടെ അവസാനിച്ചു. ഈ രണ്ടു പരമ്പരകളും 'എം.ഒ.സി. പബ്ലിക്കേഷൻസ്' പുസ്തകങ്ങളാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇങ്ങനെയുള്ള പഠനങ്ങൾ തുടരണമെന്നും പൗലൊസ് ശ്ലീഹായുടെ ലേഖനങ്ങളെ ആധാരമാക്കി ഒരു പരമ്പര ആരംഭിക്കണമെന്നും പലരും അഭിപ്രായപ്പെടുകയുണ്ടായി. അതിന്റെ ഫലമാണ് ഈ പഠനം. എന്റെ ഗുരുവും പ്രഭാഷകനും എഴുത്തുകാരനുമായ ഗുരുരത്നം റ്റി.ജെ. ജോഷ്വാ അച്ചനെപ്പോലെയുള്ളവർ ഈ വിഷയത്തെപ്പറ്റി ആഴമായ പഠനങ്ങൾ നടത്തിയിട്ടുണ്ട് എന്ന കാര്യം ഓർക്കുന്നു.

പൗലൊസ് അപ്പൊസ്തലന്റെ ലേഖനങ്ങൾ പഠനവിധേയമാക്കുന്നതിനു മുമ്പ് പൗലൊസ് എന്ന വ്യക്തിയെപ്പറ്റിയുള്ള ചില വിവരങ്ങൾ അറിയേണ്ടത് ആവശ്യമാണ്. ആരായിരുന്നു വി. പൗലൊസ്? അദ്ദേഹത്തിന്റെ കാലമേത്? ജീവിത സാഹചര്യങ്ങളും കുടുംബവും? അദ്ദേഹത്തെപ്പറ്റി, വി. കുർബ്ബാനയിൽ വി. ഏവൻഗേലിയോൻ വായിക്കുന്നതിനു മുമ്പ് ശ്ലീഹാ വായനയുടെ സമയത്ത് പട്ടക്കാരൻ രഹസ്യപ്രാർത്ഥനയിൽ ചൊല്ലുന്നത് ഇങ്ങനെയാണ്: "വി. സഭയുടെ പണിക്കാരനും പ്രധാന ശില്പിയുമായ പൗലൊസ്."

സഭാ പിതാവായ ക്രിസോസ്റ്റം (4-ാം നൂറ്റാണ്ട്) അദ്ദേഹത്തിന്റെ ഒരു പ്രഭാഷണത്തിൽ പറഞ്ഞിരിക്കുന്നത് വി. പൗലൊസ് 35 സംവത്സരം യേശുക്രിസ്തുവിനെ സാക്ഷിച്ച് ജീവിച്ചു എന്നും 68-ാമത്തെ വയസ്സിൽ മരിച്ചു എന്നും ആണ്. രക്തസാക്ഷിമരണം വരിച്ചത് എ.ഡി. 67 സെപ്റ്റംബർ 23-നായിരുന്നു എന്ന് ഒരു പാരമ്പര്യം. ജനിച്ചത് എ.ഡി. 1-ലെ പെസഹാ പെരുന്നാളിന് ശേഷമായിരുന്നു എന്നും പറയപ്പെടുന്നു. ജൂൺ 29 പത്രൊസ് - പൗലൊസ് ശ്ലീഹന്മാരുടെ ഓർമ്മയായി ഓർത്തഡോക്സ് സുറിയാനി സഭയും റോമൻ കത്തോലിക്കാ സഭയും ആചരിക്കുന്നു. ജനുവരി 25 അദ്ദേഹത്തിന്റെ മാനസാന്തരത്തിന്റെ ഓർമ്മയായും ആഘോഷിക്കുന്നു.

വ്യത്യസ്ത സാംസ്കാരിക രാഷ്ട്രീയ സാമൂഹ്യ മത സാഹചര്യങ്ങളും ബന്ധങ്ങളും നിറഞ്ഞുനിന്ന ഒരു സമൂഹത്തിലാണ് പൗലൊസ് ജനിക്കുകയും ജീവിക്കുകയും ചെയ്തത്. റോമാ സാമ്രാജ്യ നിയമമനുസരിച്ച് അദ്ദേഹം ഒരു റോമാ പൗരനായിരുന്നു. ഈ ഭാഗങ്ങൾ ശ്രദ്ധിക്കുക: യരൂശലേമിൽ വച്ച് തന്നെ വാറുകൊണ്ട് കെട്ടുമ്പോൾ "പൗലൊസ്

അരികെ നിൽക്കന്ന ശതാധിപനോട്: റോമാ പൗരനും വിസ്താരം കഴിയാത്തവനുമായ മനുഷ്യനെ ചമ്മട്ടികൊണ്ട് അടിക്കുന്നത് വിഹിതമോ എന്ന് ചോദിച്ചു... സഹസ്രാധിപൻ വന്ന് "നീ റോമാ പൗരൻ തന്നേയോ? എന്നോടു പറക" എന്നു ചോദിച്ചതിന്: അതേ എന്ന് അവൻ പറഞ്ഞു. ഞാൻ ഏറിയ പണം കൊടുത്ത് ഈ പൗരത്വം സമ്പാദിച്ചു എന്നു സഹസ്രാധിപൻ പറഞ്ഞതിന്: ഞാനോ അങ്ങനെ ജനിച്ചിരിക്കുന്നു എന്ന് പൗലൊസ് പറഞ്ഞു. ഭേദ്യം ചെയ്‌വാൻ ഭാവിച്ചവർ ഉടനെ അവനെ വിട്ടുമാറി; സഹസ്രാധിപനും അവൻ റോമാപൗരൻ എന്നു അറിഞ്ഞപ്പോൾ അവനെ ബന്ധിച്ചതുകൊണ്ടു ഭയപ്പെട്ടു." (അപ്പൊ. പ്രവൃത്തികൾ 22:25-29). "ഞാൻ കിലിക്യയിൽ തർസൊസ് എന്ന പ്രസിദ്ധ നഗരത്തിലെ പൗരനായൊരു യഹൂദൻ ആകുന്നു" (അപ്പൊ. പ്രവൃത്തികൾ 21:39). "എട്ടാം നാളിൽ പരിച്ഛേദന ഏറ്റവൻ; യിസ്രായേൽ ജാതിക്കാരൻ; ബെന്യാമീൻ ഗോത്രക്കാരൻ; എബ്രായരിൽ നിന്നു ജനിച്ച എബ്രായൻ; ന്യായപ്രമാണം സംബന്ധിച്ചു പരീശൻ..." (ഫിലിപ്പിയർ 3:4-5). "ഞാൻ കിലിക്യയിലെ തർസൊസിൽ ജനിച്ച യഹൂദനും ഈ നഗരത്തിൽ വളർന്നു ഗമാലിയേലിന്റെ കാൽക്കൽ ഇരുന്നു പിതാക്കന്മാരുടെ ന്യായപ്രമാണം സൂക്ഷ്മതയോടെ അഭ്യസിച്ചവനുമാകയാൽ..." (അപ്പൊ. പ്രവൃത്തികൾ 22:3).

മൂന്നു കാര്യങ്ങൾ ഇവിടെ എടുത്തു പറയുന്നു:

a) **റോമാ പൗരൻ** (Roman citizen)

റോമാ പൗരൻ എന്ന പദവി തദ്ദേശീയമായി നൽകപ്പെടുന്ന എല്ലാ സ്ഥാനമാനങ്ങൾക്കും മേലാണ്. ഈ പദവി (civitas) ഉള്ളതിനാൽ പൗലൊസും അദ്ദേഹത്തിന്റെ കുടുംബവും പരമ്പരാഗതമായി സമൂഹത്തിൽ ഉന്നത സ്ഥാനബഹുമാനങ്ങൾ ലഭിക്കുന്നവരായിരുന്നു. സാമ്പത്തികമായി മെച്ചപ്പെട്ട നിലയിൽ ജീവിക്കുന്നവരായിരുന്നിരിക്കണം. എല്ലാ മേഖലകളിലും സ്വാധീനവുമുണ്ടായിരുന്നു. പ്രത്യേകമായ ബഹുമതി മുദ്രകളും (nomen and pranomen) ഉള്ളവരായിരുന്നിരിക്കണം.

b) **പ്രശസ്ത നഗരമായ തർസൊസിൽ നിന്നുള്ളവനായിരുന്നു.** അവിടെ ജനിച്ചുവളർന്നവൻ. കേവലം കുടിയേറ്റക്കാരനായിരുന്നില്ല. സെലൂക്യൻ രാജാക്കന്മാരുടെ ഭരണകാലത്ത് അന്ത്യോക്കസ് നാലാമൻ നാടുവാഴുമ്പോൾ (ബി.സി. 175-164) തനിക്ക് പിന്തുണ നൽകാൻ രൂപീകരിച്ച യഹൂദ കോളനിക്ക് റോമാ പൗരന്മാർക്കുള്ള പ്രത്യേക പദവികൾ നല്കി, ദേശത്തിന് അദ്ദേഹത്തിന്റെ പേരിൽനിന്നു തന്നെ രൂപം നൽകിയ "അന്ത്യോക്യ" (Antiochia) എന്ന പേരും നൽകുകയായിരുന്നുവത്രേ.

c) **എബ്രായനിൽ നിന്നുത്ഭവിച്ച എബ്രായൻ** ശൗൽ എന്നായിരുന്നു പേര്. ("പൗലൊസ് (Paulus) എന്നു പേരുള്ള ശൗൽ" - അപ്പൊ. പ്രവൃത്തികൾ 13:9). "എബ്രായനിൽ നിന്ന് ജനിച്ച എബ്രായൻ" (A Hebrew sprung from the Hebrew) എന്നത് "ഒരു പുരോഹിതനിൽ നിന്ന് ജനിച്ച പുരോഹിതൻ" (A priest sprung from the priest) എന്ന ഗ്രീക്ക് പ്രയോഗത്തെ അനുകരിച്ചുള്ളതാണ്. മാത്രവുമല്ല, വംശശുദ്ധിയെ (racial purity) കാണിക്കുന്നതുമാണ്.

ഒരു ഉജ്ജ്വല വാഗ്മിയും ആശയങ്ങൾ വ്യക്തമായി എഴുതാൻ കഴിവുള്ളവനുമായിരുന്നു പൗലൊസ്. തനിക്ക് ബോദ്ധ്യമുള്ള കാര്യങ്ങൾ അവതരിപ്പിക്കുമ്പോൾ മുഖഭാവത്തിൽ കൂടെയും ചേഷ്ടകളിൽ (gestures) കൂടെയും അവയെ ശക്തമായി അവതരിപ്പിച്ചിരുന്നു. കൈകൾ വിടർത്തിക്കാണിച്ചും വസ്ത്രം വലിച്ചു കീറിയും ശബ്ദമുയർത്തി സംസാരിച്ചും ആളുകളെ "ഉറ്റുനോക്കി"യും അദ്ദേഹം താൻ വിശ്വസിക്കുന്ന കാര്യങ്ങൾ ശക്തമായി അവതരിപ്പിച്ചു (Cf. Acts. 22:34, 16:28, 13:9, 11:6) **അത് അദ്ദേഹത്തെ സഭയുടെ പണിക്കാരനും പ്രധാന ശില്പിയുമാക്കി.** ◎

സ്നേഹസ്മരണ

റവ. ഡോ. മാത്യു ഡാനിയൽ



എം. കുര്യൻ: സൗമ്യദീപ്തമായ സഞ്ചാരപഥങ്ങൾ

(തുടർച്ച)

ബി.എ. പരീക്ഷ കഴിഞ്ഞ് എം. കുര്യൻ കോട്ടയത്ത് എത്തി. ഭാവി കർമ്മപദ്ധതികളുടെ കവാടം തുറക്കപ്പെടുകയായിരുന്നു, അവിടെ. പ്രഗത്ഭമതികളായ കെ.സി. മാമ്മൻ മാപ്പിളയുടെ സഹോദരൻ കെ.സി. ചാക്കോയുടെയും എൻ. എം. ഏബ്രഹാമിന്റെയും നേതൃത്വത്തിൽ ചർച്ച് വീക്കിലി കോട്ടയത്തുനിന്ന് പ്രസിദ്ധീകരിക്കുന്ന കാലം. എക്യുമെനിക്കൽ ദർശനത്തോടുകൂടി വെളിച്ചം കണ്ടിരുന്ന പ്രസിദ്ധീകരണമായിരുന്നു അത്. എം. കുര്യൻ ചർച്ച് വീക്കിലിയുടെ സബ്-എഡിറ്ററായി നിയമിക്കപ്പെട്ടു; അതോടെ പത്രപ്രവർത്തനരംഗത്ത് പദമൂന്നുകയായി. സുദീർഘമായ ഒരു ബന്ധത്തിന് അവിടെ തുടക്കം കുറിച്ചു-ചർച്ച് വീക്കിലിയുമായും കോട്ടയവുമായും. എം. കുര്യൻ രചിച്ച പ്രസിദ്ധമായ 'അസ്സീസിയിലെ പ്രേമകോകിലം' അക്കാലത്ത് ചർച്ച് വീക്കിലിയിൽ ഖണ്ഡശ്ശഃ പ്രസിദ്ധീകരിച്ചതാണ്.

സ്റ്റുഡന്റ് ക്രിസ്ത്യൻ മൂവ്മെന്റ്

എക്യുമെനിക്കൽ പ്രസ്ഥാനവുമായി എം. കുര്യനുള്ള ബന്ധം ആലുവായിൽ വിദ്യാർത്ഥിയാ യിരുന്ന കാലത്ത് ആരംഭിച്ചതാണെന്ന് മുകളിൽ പറഞ്ഞുവല്ലോ. സ്റ്റുഡന്റ് ക്രിസ്ത്യൻ മൂവ്മെന്റിന്റെ കേരളത്തിലെ ആദ്യകാല പ്രവർത്തകരിൽ ഒരാളായിരുന്നു, കുര്യൻ. ശ്രീ. സി. ജോൺ മത്തായി കേരളാ എസ്.സി.എം-ന്റെ സെക്രട്ടറിയായിരുന്ന അന്ന് എം. കുര്യൻ ലിറ്ററെച്ചർ സെക്രട്ടറിയായിരുന്നു. അക്കാലത്ത് രൂപം കൊണ്ടതാണ്, എസ്.സി.എം ബുക്ക് ക്ലബ്ബ്. ഏതാനും പുസ്തകങ്ങൾ ബുക്ക് ക്ലബ്ബിന്റേതായി പ്രസിദ്ധീകരിക്കുകയും ചെയ്തു. ഡോ. യൂഹാനോൻ മാർത്തോമ്മാ, ഡോ. എം.എം. തോമസ് മുതലായ മുതിർന്ന നേതാക്കളുടെ സഹായവും ലഭിച്ചതായി കുര്യൻ സാർ ഓർമ്മിക്കുന്നു.

വിദ്യാർത്ഥികളുടെ പഠനത്തിന് സഹായകമായ ചില നല്ല പുസ്തകങ്ങൾ ഉണ്ടാകണമെന്നതായിരുന്നു, ബുക്ക് ക്ലബ്ബിന്റെ പ്രധാന ലക്ഷ്യം. നാല് പുസ്തകങ്ങൾ അക്കാലത്ത് ബുക്ക് ക്ലബ്ബിലൂടെ എം. കുര്യൻ പ്രസിദ്ധീകരിച്ചു:

- യേശുക്രിസ്തുവിന്റെ സുവിശേഷം
- ആണും പെണ്ണുമായി അവരെ സൃഷ്ടിച്ചു
- ചില അടിസ്ഥാന വിശ്വാസങ്ങൾ
- എസ്.സി.എം. ഡസ്ക് ഡയറി

ആദ്യത്തെ രണ്ടു പുസ്തകങ്ങളുടെയും രചയിതാവ് എം. കുര്യൻ തന്നെ. മർക്കോസിന്റെ സുവിശേഷം വ്യക്തികളായും ഗ്രൂപ്പുകളായും പഠിക്കുന്നതിന് തയ്യാറാക്കിയ പഠന സഹായിയാണ് 'യേശുക്രിസ്തുവിന്റെ സുവിശേഷം'. സെക്സിന്റെ മേഖലയിലേക്ക് യുവതീയുവാക്കൾക്ക് അവബോധം നല്കി കുടുംബ ജീവിതത്തിലേക്ക് ഒരുക്കുന്നതിന് സഹായകമായ ഗ്രന്ഥമാണ്, രണ്ടാമത്തേത്. എസ്.സി. എം-ന്റെ ഒരു ടീച്ചിംഗ് മിഷനിൽ ഡോ. യൂഹാനോൻ മാർത്തോമ്മാ മെത്രാപ്പോലീത്താ തിരുമേനി ചെയ്ത പ്രസംഗങ്ങളുടെ ലിഖിത രൂപമാണ് 'ചില അടിസ്ഥാന വിശ്വാസങ്ങൾ' - ക്രിസ്തീയ വിശ്വാസത്തിന്റെ അടിസ്ഥാനപ്രമാണങ്ങൾ ലളിതമായി പ്രതിപാദിക്കുന്ന പുസ്തകം. കേരളത്തിൽ എക്യുമെനിക്കൽ പ്രസ്ഥാനം വേരുറച്ചു തുടങ്ങുന്ന ഘട്ടത്തിൽ തന്നെ, വ്യത്യസ്ത മതങ്ങളുടെ പശ്ചാത്തലത്തിൽ ജീവിക്കേണ്ടി വരുന്ന ചുറ്റുപാടിൽ സ്വന്തം വിശ്വാസത്തെപ്പറ്റിയുള്ള അറിവും അനുഭവജ്ഞാനവും ക്രിസ്ത്യൻ യുവതീയുവാക്കൾക്ക് അനിവാര്യമാണെന്ന ബോധ്യമാണ് ഇത്തരം പ്രസിദ്ധീകരണങ്ങളുടെ പിന്നിൽ ഉണ്ടായിരുന്നത്.

ഇക്കാലത്താണ് 'മതവും മനുഷ്യനും' എന്ന പുസ്തകം എം. കുര്യൻ പ്രസിദ്ധീകരിക്കുന്നത്. ശാസ്ത്രം മനുഷ്യന്റെ ചിന്തകളെയും ജീവിതത്തെയും ഗാഢമായി സ്വാധീനിച്ച കാലമായിരുന്നു, അത്. ഈശ്വരന്റെ അസ്തിത്വം തന്നെ ചോദ്യം ചെയ്യപ്പെട്ടു തുടങ്ങിയ കാലം. മതവിശ്വാസം ശാസ്ത്രത്തിന്റെ വെളിച്ചത്തിൽ നിലനില്ക്കുന്നതാണോ എന്ന സന്ദേഹം സമൂഹത്തിൽ ഉയർന്നു. ആ പശ്ചാത്തലത്തിലാണ്, ഗ്രന്ഥരചന നിർവഹിച്ചിട്ടുള്ളത്. മതത്തിന്റെ താത്വികമായ അടിസ്ഥാനങ്ങളിലേക്ക് ചുഴിഞ്ഞിറങ്ങി മതത്തിന്റെ ആവശ്യകതയും പ്രായോഗികതയും സമർത്ഥിക്കുകയാണ്, ഈ ലഘു പ്രബന്ധത്തിലൂടെ എം. കുര്യൻ.

പീസ് ലീഗ് സത്യാഗ്രഹം

ഓർത്തഡോക്സ് സഭയുടെ ഒരംഗമായിരിക്കുന്നതിൽ എം. കുര്യൻ എന്നും അഭിമാനം കൊണ്ടിരുന്നു. സഭയുടെ ദിവ്യമായ പാരമ്പര്യത്തിൽ ആദരവുണർത്തിയിരുന്നു. എന്നാൽ സഭയിലെ ഭിന്നതയും വ്യവഹാരങ്ങളും കുര്യനെ വേദനിപ്പിച്ചു. സമാനചിന്താഗതിക്കാരുമായി കൂട്ടുചേർന്ന് സഭയുടെ സമാധാനത്തിനു വേണ്ടി അനുഷ്ഠിച്ച സത്യാഗ്രഹം ചരിത്രപ്രസിദ്ധമാണ്. സ്വാതന്ത്ര്യ സമരസേനാനിയും തികഞ്ഞ ഗാന്ധിയനുമായ കെ.ഇ. മാമ്മൻ ആയിരുന്നു പീസ് ലീഗിന്റെ ലീഡർ. 1955 ജനുവരി 27-ാം തീയതി വ്യാഴാഴ്ച, കോട്ടയം പുത്തനങ്ങാടി കുരിശുപള്ളി അങ്കണത്തിലാണ് ഉപവാസയജ്ഞമാരംഭിച്ചത്. സഭയിൽ സമാധാനം സംസ്ഥാപിക്കുകയും വ്യവഹാരങ്ങൾ അവസാനിപ്പിക്കുകയുമായിരുന്നു ലക്ഷ്യം. ആത്യന്തിക വിജയം കണ്ടെത്തിയില്ലെങ്കിലും വിശ്വാസസമൂഹത്തിന്റെ മനഃസാക്ഷി ഉണർത്താൻ സത്യാഗ്രഹത്തിന് കഴിഞ്ഞു. എം. കുര്യന്റെ വാക്കുകൾ: 'അത് ഒരു അന്തിമ ലക്ഷ്യമായിട്ടല്ല ഞങ്ങൾ പരിഗണിച്ചത്. ക്രിസ്തുസഭ ഏതൊരു മഹത്തായ കാര്യത്തിനുവേണ്ടി ഭൂമിയിൽ സ്ഥാപിക്കപ്പെട്ടുവോ, അതിന്റെ സാക്ഷാത്ക്കാരത്തിനുവേണ്ടി സഹകരിച്ചു പ്രവർത്തിക്കുന്നതിന്റെ ഒരു ആദ്യഘട്ടമായി ഞങ്ങൾ സുറിയാനി സഭയുടെ ഐക്യത്തെ കണ്ടുവെന്നതാണ് വാസ്തവം' ('ആധുനിക ലോകത്തിലെ ക്രൈസ്തവസഭ', പുറം xi). എക്യുമെനിസത്തെക്കുറിച്ച് ഗാഢമായി പഠിക്കുന്നതിന് എം. കുര്യന് പ്രചോദനം ലഭിച്ചത് അവിടെ നിന്നാണ്.

സുപ്രധാനമായ വഴിത്തിരിവ്

എം. കുര്യന്റെ ജീവിതത്തിൽ ഒരു വഴിത്തിരിവായി മാറുന്നത് സെറാമ്പൂർ കോളജിലെ ഒരു വർഷത്തെ പഠനവും ഗവേഷണവുമാണ്. 1956-ൽ സെറാമ്പൂർ കോളജ് ഒരു വർഷത്തേക്കുള്ള മാക്കിസൺ സ്കോളർഷിപ്പ് കുര്യന് അനുവദിച്ചു. ക്രിസ്തീയ സാഹിത്യ സംബന്ധമായ പ്രവർത്തനങ്ങൾക്ക് നല്കുന്ന സ്കോളർഷിപ്പാണിത്. 1956 ജൂൺ ആദ്യം മുതൽ 1957 ഏപ്രിൽ അവസാനം വരെ സെറാമ്പൂരിൽ പോയി പഠനവും ഗവേഷണവും നടത്തുന്നതിന് അങ്ങനെ അവസരം ലഭിച്ചു. ആ കാലഘട്ടത്തെക്കുറിച്ച് കുര്യൻ സാർ ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു: 'എന്റെ ജീവിതത്തിലെ സുപ്രധാനമായ ഒരു കാലഘട്ടമാണത് - വില്യം കേറിയുടെ പ്രവർത്തനരംഗമായ സെറാമ്പൂരിൽ ചെലവഴിച്ച ഒരു വർഷം'. സഭകളുടെ ഐക്യത്തെപ്പറ്റിയുള്ള പഠനമായിരുന്നു, പ്രധാനമായും നിർവഹിച്ചത്. വായനയ്ക്കും പഠനത്തിനും യഥാകാലം ആവശ്യമായ നിർദ്ദേശങ്ങളും സഹായങ്ങളും പ്രൊഫ. റവ. ഡോ. വില്യം സ്റ്റുവർട്ടിൽ നിന്നും പ്രിൻസിപ്പൽ റവ. ഡോ. സി. ഇ. ഏബ്രഹാം അച്ചനിൽ നിന്നും ലഭിക്കുകയും ചെയ്തു.

ആ കാലത്തെ പഠനത്തിന്റെ പക്വഫലമാണ്, 'ആധുനിക ലോകത്തിലെ ക്രൈസ്തവ സഭ' എന്ന പ്രൗഢമായ പുസ്തകം. ഐക്യം എന്തിന്? സഭയുടെ അടിസ്ഥാനം - പുതിയനിയമം എന്തു പറയുന്നു? ആദ്യ നൂറ്റാണ്ടുകളിലെ സഭ, സഭയിലെ ഭിന്നത, എക്യുമെനിക്കൽ പ്രസ്ഥാനം, ഭാവി - മുതലായവയാണ് അധ്യായങ്ങൾ. സഭകളുടെ ഐക്യത്തെ സംബന്ധിച്ച് സുവ്യക്തമായ നിലപാട് ഈ ഗ്രന്ഥത്തിലൂടെ എം. കുര്യൻ പ്രകടിപ്പിക്കുന്നു. ചിന്തയിലോ തത്ത്വങ്ങളിലോ ആചാരാനുഷ്ഠാനങ്ങളിലോ ഉള്ള ഒരു ഐക്യത്തിനുവേണ്ടിയല്ല എം. കുര്യൻ വാദിക്കുന്നത്. ആത്മാവിലും മനോഭാവത്തിലുമുള്ള ഐക്യമാണ് ആവശ്യമെന്ന് അദ്ദേഹം സമർത്ഥിക്കുന്നു. 'സഭ ഒന്നായിരിക്കണമെന്ന് ക്രിസ്തു മനമുരുകി പ്രാർത്ഥിച്ചു. സഭ ഒന്നായിത്തീരണം; അത് ഒന്നായിത്തീരുകതന്നെ ചെയ്യും,' (പുറം 263) എന്ന ശുഭപ്രതീക്ഷയിലാണ് പുസ്തകം വിരാമം കൊള്ളുന്നത്. (തുടരും)

കഥാലോകം

ഷിജു ജി. കുരുകുഞ്ഞിയിൽ



അപ്പം കൊണ്ടു മാത്രമല്ല

സുഹൃത്തുക്കൾക്കും ബന്ധുക്കൾക്കുമെല്ലാം ഉയിർപ്പ് പെരുന്നാളിന്റെ ആശംസകൾ അയച്ച് കഴിഞ്ഞപ്പോഴാണ് "അദ്ദേഹത്തെ" ഒന്ന് വിളിച്ചേക്കാം എന്ന് വിചാരിച്ചത്. വാട്ട്സ് അപ്പും മറ്റും ഇന്നും ഉപയോഗിക്കാത്ത ആളായതുകൊണ്ട്, അദ്ദേഹത്തിന് ഒരാശംസ അയക്കാൻ പോലും പറ്റിയിരുന്നില്ല. ഫോൺ എടുത്ത മറുതലക്കൽ ശബ്ദത്തിന് എന്തോ ഒരു പതർച്ച ഉള്ളതുപോലെ. ഭാര്യക്ക് അസുഖം സ്ഥിരീകരിച്ചപ്പോൾ പോലും പ്രത്യാശയോടെ നിന്നയാളാണദ്ദേഹം... അപ്പോൾ പതർച്ച എന്നത് എനിക്ക് തോന്നിയതാവാം. എന്തായാലും ഇന്നവിടം വരെ ഒന്ന് പോകണം. തീരുമാനിച്ചുറച്ചു.

